(എ) തിരുവിതാംകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ ആയുർവേദ മേഖലയിൽനിന്ന് ആയുർവേദ വിദ്യാഭ്യാസ ഡയറക്ടർ, ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടർ എന്നിവരെ ഒഴിവാക്കാനിടയായ സാഹചര്യം വിശദമാക്കാമോ;

(ബി) കൗൺസിൽ പുനഃസംഘടിപ്പിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിൽ ഭേദഗതി വരുത്തി മേൽപറഞ്ഞവരെ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) നിലവിലുണ്ടായിരുന്ന കൗൺസിലിന്റെ കാലാവധി 19-10-2014-ൽ അവസാനിച്ചതിനെ തുടർന്ന് ഇക്കാര്യം പരിശോധിക്കുകയും 7-5-2015-ലെ സ.ഉ.(പി)നമ്പർ95/2015/ആ.ക.വ പ്രകാരം ടി കൗൺസിൽ പുനഃസംഘടിപ്പിക്കുകയുണ്ടായി. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 7-5-2015-ലെ സ.ഉ.(പി)നമ്പർ 95/2015/ ആ.ക.വ. പ്രകാരം പുനഃസംഘടിപ്പിച്ച ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ ആയുർവേദ വിദ്യാഭ്യാസ ഡയറക്ടർ, ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടർ എന്നിവരെക്കൂടി ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

അവശ്യ മരുന്നുകളുടെ വില

94 (4897) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അവശ്യമരുന്നുകളുടെ വില നിയന്ത്രിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും മരുന്നു വില നിയന്ത്രിക്കുന്നതിന് മരുന്നുകമ്പനികളുടെ മേൽ എന്തെല്ലാം നിയന്ത്രണാധികാരങ്ങളാണ് സംസ്ഥാന സർക്കാരിനുള്ളതെന്നും വ്യക്തമാക്കുമോ ;

ഉത്തരം

ജീവൻരക്ഷാമരുന്നുകൾ ഉൾപ്പെടെയുള്ള അവശ്യമരുന്നുകളുടെ വില നിയന്ത്രിക്കുന്നത് കേന്ദ്ര കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയാണ്. മരുന്നുകളുടെ വിലനിയന്ത്രണത്തിന് സംസ്ഥാന സർക്കാരിന് അധികാരമൊന്നും തന്നെയില്ല. പരമാവധി വില നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള മരുന്നുകളുടെ വിൽപ്പന വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

നിരന്തരം പരിശോധിക്കുകയും ഉൽപ്പാദകർ പ്രസ്തുത ഉൽപ്പന്നത്തിന് അമിത വില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ടി മരുന്നുകളുടെ വിശദാംശങ്ങൾ അനന്തര നടപടികൾക്കായി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയെ അറിയിക്കുകയും ചെയ്യുന്നു.

ജനറിക് മരുന്നുകൾ

95 (4898) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിൽ ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജനറിക് മരുന്നുകൾ ഏതൊക്കെ വിഭാഗങ്ങൾക്കാണ് നൽകുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത്തരം മരുന്നുകൾ ഏതെല്ലാം തരം ആശുപത്രികളിലാണ് നൽകുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും വ്യാപിപ്പിക്കാൻ നടപടി എടുക്കുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) ഉണ്ട്. 2012 നവംബർ 1 മുതൽ ഐ.പി./ഒ.പി., ബി.പി.എൽ./ എ.പി.എൽ. വ്യത്യാസമില്ലാതെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ജനറൽ ആശുപത്രികളിലും ചികിത്സയ്ക്കെത്തുന്ന എല്ലാ വിഭാഗം രോഗികൾക്കും അവശ്യ മരുന്ന് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഇനം ജനറിക് മരുന്നുകളും സൗജന്യമായി നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

2013 ഒക്ടോബർ 2-ന് ഈ പദ്ധതി എല്ലാ സർക്കാർ ആശുപത്രികളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്.

മരുന്നുസംഭരണത്തിനായി വെയർഹൗസ് സ്ഥാപിക്കാൻ നടപടി

96 (4899) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly